പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2214 — 11.02.2020-ൽ മറുപടിക്ക്.

## ഭക്ഷ്യവസ്തുക്കളുടെ സംഭരണം

| ചോദ്യം<br>**ശ്രീ.എം. സ്വരാജ്** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യവസ്തുക്കളുടെ സംഭരണത്തിനും സംരക്ഷണത്തിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് അറിയിക്കുമോ ; | (എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന രീതിയിലുള്ള ഭക്ഷ്യധാന്യ സംഭരണവും വിതരണവും നടത്തുവാൻ സിവിൽ സപ്ലൈസ് കോർപ്പറേഷനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. നിലവിൽ സംസ്ഥാന വ്യാപകമായി 75 താലൂക്കുകളിലെ 234 ഗോഡൗണുകൾ മുഖേനയാണ് സപ്ലൈകോ റേഷൻ ഭക്ഷ്യധാന്യങ്ങളുടെ സംഭരണവും വിതരണവും നടത്തി വരുന്നത്. ഇതിൽ 14 സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷൻ ഗോഡൗണുകളും 83 സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷൻ ഗോഡൗണുകളും 131 സ്വകാര്യ ഗോഡൗണുകളും 6 സപ്ലൈകോ ഗോഡൗണുകളും ഉൾപ്പെടുന്നു. പൊതുജനങ്ങൾക്ക് ഏറ്റവും കുറഞ്ഞ വിലയ്ക്ക് നിത്യോപയോഗസാധനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 56 ഡിപ്പോകൾക്ക് കീഴിലുള്ള 1500 ൽ പരം വില്പനശാലകളിലൂടെ അരിയുൾപ്പെടെയുള്ള പലവ്യഞ്ജനസാധനങ്ങൾ ഇ-ടെണ്ടർ / ഇ-ഓക്ഷൻ മുഖേന വാങ്ങി സംഭരിച്ച് വില്പന നടത്തി വരുന്നു. കൂടാതെ ഭക്ഷ്യവസ്തുക്കളുടെ സംരക്ഷണത്തിനായി വലിയതുറ (തിരുവനന്തപുരം), തിരുവല്ല, കൊല്ലം എന്നിവിടങ്ങളിൽ കേരള സർക്കാരിന്റെ എൻ.എഫ്.എസ്.എ ഫണ്ടിന്റെ അടിസ്ഥാനത്തിൽ സപ്ലൈകോ ഗോഡൗൺ നിർമ്മാണം നടത്തി വരുന്നു. |
| (ബി) ഇതിനായി കൂടുതൽ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ? | (ബി) ഭക്ഷ്യവസ്തുക്കളുടെ സംഭരണം സംബന്ധിച്ച് പുതിയ പദ്ധതികൾ നിലവിൽ പരിഗണനയിലില്ല. അനുയോജ്യമായ സ്ഥലസൗകര്യം ലഭിക്കുകയാണെങ്കിൽ കൂടുതൽ ഗോഡൗണുകളുടെ നിർമ്മാണം പരിഗണിയ്ക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**